Circular No. 178
Bible Sunday 2015

Catholic Metropolitan’s House
P.B. No. 71, Kottayam
Kerala, India-686001

Date: 16-11-2015

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമേ,

2015 ഡിസംബർ 1 മുതൽ 31 വരെ ബൈബിൾ പാരായണ മാസമായും, ഡിസംബർ 27–ാം തീയതി ബൈബിൾ ഞായറായും കേരളസഭ ആചരിക്കുകയാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ ഒരു പദത്തിൽ സംഗ്രഹിക്കാമെങ്കിൽ അതാണ് കരുണ. വിശുദ്ധ ലിഖിതങ്ങളിൽ ദൈവകരുണയുടെ പ്രകാശം കാണാൻ കരുണയുടെ അസാധാരണ ജൂബിലി വർഷം തികച്ചും അനുയോജ്യമായ കാലമാണ്. ഈ വർഷത്തെ ബൈബിൾ പാരായണമാസം വിശുദ്ധ ഗ്രന്ഥത്തിലെ കാരുണ്യ സാഗരത്തെ തിരിച്ചറിയാനും അതാവോളം ആസ്വദിച്ച് കരുണയുടെ സുഗന്ധം ജീവിതത്തിൽ പേറുന്നവരാകുവാനും നമ്മെ സഹായിക്കണം.

ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചാൽ പഴയ നിയമത്തിലെ ഉല്പത്തി പുസ്തകത്തിൽ ആരംഭിക്കുന്ന രക്ഷാകരചരിത്രം മുഴുവൻ ദൈവകരുണയുടെ മനോഹരമായ പ്രതിഫലനമാണെന്ന് നമുക്ക് കാണാൻ സാധിക്കും. പ്രവാചകരിലൂടെ സംസാരിക്കുന്ന ദൈവം കാരുണ്യത്തിന്റെ പ്രായോഗിക പാഠങ്ങളാണ് നമ്മെ നിരന്തരം പഠിപ്പിക്കുന്നത്. സങ്കീർത്തനങ്ങളാകട്ടെ ദൈവകാരുണ്യത്തിന്റെ ഗീതങ്ങളാണ്. “കർത്താവിന് നന്ദി പറയുവിൻ, അവിടുന്ന് നല്ലവനാണ്, അവിടുത്തെ കാരുണ്യം അനന്തമാണ്” (സങ്കീർത്തനം 136:1) എന്ന് ആവർത്തിച്ചു പറയുന്ന നിരവധി സങ്കീർത്തനങ്ങൾ ദൈവകാരുണ്യത്തിന്റെ പ്രഘോഷണമാണ്. പുതിയ നിയമത്തിലുടനീളം നിറഞ്ഞുനിൽക്കുന്നത് ദൈവകാരുണ്യത്തിന്റെ സാക്ഷാത്കാരമായ ഈശോയാണല്ലോ. വചനങ്ങളോടൊപ്പം പ്രവൃത്തികളിലൂടെയും ജീവിതത്തിലൂടെയും കാരുണ്യത്തിന്റെ മുഖമായി നമ്മുടെ മുമ്പിൽ തെളിയുന്ന ഈശോയെ പുതിയ നിയമം മുഴുവൻ സജീവതയോടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. അതിനാൽ വചനവായനയും വചനധ്യാനവും വഴി കാരുണ്യവർഷത്തെ ഫലദായകമാക്കുവാൻ ബൈബിൾ ഞായർ നമുക്ക് സഹായകമാകട്ടെ.

ധ്യാനാത്മകമായ വചനാനുഭവത്തിൽ നിന്നും പ്രായോഗിക ജീവിതത്തിലെ സാധ്യതകളായി വിരിയുന്ന കാരുണ്യ പ്രവൃത്തികളെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ കാരുണ്യവർഷം പ്രഖ്യാപിച്ചുകൊണ്ടു നൽകിയ ‘കാരുണ്യത്തിന്റെ മുഖം’ എന്ന അപ്പസ്തോലിക ലേഖനത്തിൽ നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. ജീവകാരുണ്യത്തിന്റെ ശാരീരിക പ്രവൃത്തികളായ വിശക്കുന്നനെ തീറ്റിപ്പോറ്റുക, ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുക, നഗ്നരെ ഉടുപ്പിക്കുക, പരദേശികളെ സ്വീകരിക്കുക, രോഗികളെയും ബന്ധനസ്ഥരെയും സന്ദർശിക്കുക, മൃതരെ സംസ്കരിക്കുക എന്നിവയോടൊപ്പംതന്നെ സംശയമുള്ളവരെ ഉപദേശിക്കുക, അജ്ഞരെ പഠിപ്പിക്കുക, കാതുകൾക്ക് മുന്നറിയിപ്പ് നൽകുക, പീഡിതരെ ആശ്വസിപ്പിക്കുക, കുറ്റങ്ങൾ ക്ഷമിക്കുക, നമുക്കെതിരെ തിന്മ പ്രവർത്തിക്കുന്നവരോട് സഹനശീലം പ്രദർശിപ്പിക്കുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക എന്നീ ജീവകാരുണ്യത്തിന്റെ ആത്മീയ പ്രവൃത്തികളും തിരുവചനത്തിൽ നിന്നുതന്നെ നാം പഠിക്കുന്നതാണ്.

കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ താത്പര്യപൂർവ്വം പങ്കുചേരാൻ നമുക്കേവർക്കും പരിശ്രമിക്കാം. ഭിന്നശേഷിയുള്ളവർക്കായി ആംഗ്യഭാഷയിലെ ബൈബിൾ (Sign